# Visit of Minister of Foreign Relations of Sri Lanka to India (February 06-08, 2022)

February 08, 2022

# ശ്രീലങ്കൻ വിദേശകാര്യ മന്ത്രിയുടെ ഇന്ത്യ സന്ദർശനം (ഫെബ്രുവരി 06-08, 2022)

ഫെബ്രുവരി 08, 2022

വിദേശകാര്യ മന്ത്രി (EAM) ഡോ. എസ് ജയശങ്കറിന്റെ ക്ഷണപ്രകാരം ശ്രീലങ്കൻ വിദേശകാര്യ മന്ത്രി പ്രൊഫ. ജി.എൽ.പീരിസ്, 2 അംഗ ഔദ്യോഗിക പ്രതിനിധി സംഘത്തോടൊപ്പം 2022 ഫെബ്രുവരി 06 മുതൽ 08 വരെയുള്ള തിയ്യതികളിൽ ഇന്ത്യയിൽ ഔദ്യോഗിക സന്ദർശനത്തിനായെത്തി. ശ്രീലങ്കൻ വിദേശകാര്യ മന്ത്രിയുടെ നിലവിലെ കാലയളവിലെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്.

2. പ്രതിനിധിതല ചർച്ചകൾക്കായി 2022 ഫെബ്രുവരി 07 വിദേശകാര്യ മന്ത്രി ശ്രീലങ്കൻ വിദേശകാര്യ മന്ത്രിയെ കണ്ടു. ഇരു മന്ത്രിമാരും ഉഭയകക്ഷി ബന്ധങ്ങളുടെ മുഴുവൻ വശങ്ങളും സംബന്ധിച്ച് ചർച്ച ചെയ്യുകയും ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള അടുത്തതും സൗഹൃദപരവുമായ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള വഴികൾ അന്വേഷിക്കുകയും ചെയ്തു.

3. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സെക്യൂരിറ്റി ആൻഡ് ഗ്രോത്ത് ഫോർ ഓൾ ഇൻ റീജിയൻ (സാഗർ) എന്ന കാഴ്ചപ്പാടിനും 'അയൽരാജ്യങ്ങൾക്ക് മുൻഗണന' നയത്തിനും കീഴിൽ ഇന്ത്യ ശ്രീലങ്കയ്ക്ക് നൽകിയ മുൻഗണനയ്ക്ക് വിദേശകാര്യമന്ത്രി അടിവരയിട്ടു പ്രസ്താവിച്ചു.ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള വ്യോമ, കടൽ ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ, സാമ്പത്തിക, നിക്ഷേപ സംരംഭങ്ങൾ, ശ്രീലങ്കയുടെ ഊർജ്ജ സുരക്ഷ വർധിപ്പിക്കുന്നതിനുള്ള അധിക നടപടികൾ, പങ്കുവയ്ക്കുന്ന സമുദ്രമേഖല സുരക്ഷിതമായി നിലനിർത്തൽ എന്നിവ ഉൾപ്പെടെയുള്ള പരസ്പര പ്രയോജനകരമായ പദ്ധതികൾ വേഗത്തിൽ മുന്നോട്ട് കൊണ്ടുപോകാൻ അദ്ദേഹം ആഹ്വാനം ചെയ്തു. വിവിധ സമകാലിക ഭീഷണികളിലും കോവിഡ്-19 പകർച്ചവ്യാധിയ്ക്ക് എതിരായുള്ള സഹകരണത്തിലും ശ്രീലങ്കയ്ക്ക് ആവശ്യമുള്ള സമയങ്ങളിൽ ഇന്ത്യ എപ്പോഴും ഒപ്പം നിൽക്കുമെന്ന് വിദേശകാര്യമന്ത്രി അറിയിച്ചു.ഇന്ത്യയുടെ സമീപകാല സഹായത്തിന് ശ്രീലങ്കൻ വിദേശകാര്യ മന്ത്രി നന്ദി രേഖപ്പെടുത്തുകയും മനുഷ്യാവകാശങ്ങളിലും അനുരഞ്ജനത്തിലും ശ്രീലങ്കൻ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വിദേശകാര്യ മന്ത്രിയെ അറിയിക്കുകയും ചെയ്തു.

4. ഇന്ത്യയുടെ വികസന, പുനരധിവാസ പിന്തുണയുടെ അനുകൂലമായ സ്വാധീനം അനുസ്മരിച്ചുകൊണ്ട്, ഏകീകൃത ശ്രീലങ്കയ്ക്കുള്ളിൽ തമിഴ് ജനതയ്ക്ക് സമത്വവും നീതിയും സമാധാനവും ബഹുമാനവും ഉറപ്പാക്കുന്നതിലൂടെ ശ്രീലങ്കയുടെ താൽപ്പര്യങ്ങൾ ഏറ്റവും മികച്ചതായി പപാളിക്കപ്പെട്ടിരിക്കുന്നുവെന്നു വിദേശകാര്യ മന്ത്രി ഊന്നിപ്പറഞ്ഞു. ഈ പ്രക്രിയയുടെ ഒരു പ്രധാന വശമാണ് അധികാര വികേന്ദ്രീകരണം.

5. മത്സ്യത്തൊഴിലാളികളുടെ പ്രശ്നം മാനുഷിക സമീപനത്തിലൂടെ കൈകാര്യം ചെയ്യുന്നതിനും ഐ എം ബി എൽ ലെ സംഭവങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അക്രമണ മനോഭാവം ഒഴിവാക്കുന്നതിനുമുള്ള ദീർഘകാല സമവായം ഇരുപക്ഷവും ആവർത്തിച്ചു. മത്സ്യബന്ധനത്തിനായുള്ള സംയുക്ത വർക്കിംഗ് ഗ്രൂപ്പിൽ തുടങ്ങി ഉഭയകക്ഷി സംവിധാനങ്ങൾ നേരത്തെ യോഗം ചേരണമെന്ന് അവർ അഭിപ്രായപ്പെട്ടു

6. ഈ വർഷം സ്വാതന്ത്ര്യത്തിന്റെയും നയതന്ത്ര ബന്ധ സ്ഥാപനത്തിന്റെയും 75 വർഷം ആഘോഷിക്കുന്നുവെന്നത് ചൂണ്ടിക്കാട്ടി, ഉചിതമായ രീതിയിൽ ഈ അവസരം ആഘോഷിക്കാൻ ഇരു നേതാക്കളും സമ്മതിച്ചു.

7. ബിംസ്റ്റെക്, കൊളംബോ സെക്യൂരിറ്റി കോൺക്ലേവ് തുടങ്ങിയ പ്രാദേശിക പ്ലാറ്റ്ഫോമുകളിലെ സഹകരണത്തെക്കുറിച്ചും ഇരു മന്ത്രിമാരും അഭിപ്രായങ്ങൾ കൈമാറി. ശ്രീലങ്ക സന്ദർശിക്കാൻ ശ്രീലങ്കൻ വിദേശകാര്യ മന്ത്രി ഇന്ത്യൻ വിദേശകാര്യ മന്ത്രിയെ ക്ഷണിച്ചു.

8. സന്ദർശന വേളയിൽ ശ്രീലങ്കൻ വിദേശകാര്യ മന്ത്രി ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ശ്രീ അജിത് ഡോവൽ, വിദേശകാര്യ സെക്രട്ടറി ശ്രീ ഹർഷ് വർധൻ ശ്രിംഗ്ല എന്നിവരുമായും കൂടിക്കാഴ്ച നടത്തി.

**ന്യൂ ഡെൽഹി**
**ഫെബ്രുവരി 08, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.